490/est/19

# തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

### ഹാജർ - പി.ആർ സജികുമാർ

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - RGSA പദ്ധതി പ്രകാരം കരാർ നിയമനം നൽകിയ അസിസ്റ്റന്റ് എഞ്ചിനീയർമാർ നിർവ്വഹിക്കേണ്ട ചുമതലകൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: - 1) ഈ കാര്യാലയത്തിലെ 25.01.2019 - ലെ ഇ3-1634/2017/സിഇ/തസ്വഭവ നമ്പർ ഉത്തരവ്

2) തസ്വഭവ പത്തനംതിട്ട / ആലപ്പുഴ / ഇടുക്കി / തൃശ്ശൂർ / മലപ്പുറം / വയനാട് / പാലക്കാട് / കോഴിക്കോട് / കണ്ണൂർ / കാസറഗോഡ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നടപടിക്രമം / കത്തുകൾ

3) പഞ്ചായത്ത് ഡയറക്ടറുടെ 09.04.2019 - ലെ PAN/21360/2018-J4 (DP) നമ്പർ കത്ത്

**ഉത്തരവ് നം. ഇ 3 - 3308/2019/സിഇ/തസ്വഭവ, തീയതി. 25.04.2019**

രാഷ്ട്രീയ ഗ്രാമസ്വരാജ് അഭയാൻ (RGSA) പദ്ധതിയിൽ Technical Support to Gramapanchayath's എന്ന component - ൽ ഉൾപ്പെടുത്തി കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 55 ബ്ലോക്ക് പഞ്ചായത്തുകൾക്ക് കീഴിലായുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 12 മാസത്തേയ്ക്ക് കരാർ വ്യവസ്ഥയിൽ 99 പേർക്ക് അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നിയമനം നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ഇത്തരത്തിൽ നിയമനം നേടി ജോലിയിൽ പ്രവേശിച്ചിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വിവിധ ജനകീയാസൂത്രണ പദ്ധതികളുടെയും പ്രളയാനന്തര പുനഃനിർമ്മാണ പ്രവർത്തനങ്ങളുടെയും ഭാഗമായുള്ള പൊതുമരാമത്ത് പ്രവൃത്തികളിലും കൂടാതെ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം നിർവ്വഹണം നടത്തുന്ന ടൗൺ പ്ലാനിംഗ് & വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകൽ തുടങ്ങിയ മറ്റ് ജോലികളിലും സഹായകരമാകുന്ന രീതിയിൽ അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും / ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും നിർദ്ദേശാനുസരണം പ്രവർത്തിക്കുന്നതിനും സ്ഥിരം തസ്തികയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പൂർണ്ണ ചുമതല നൽകപ്പെട്ടിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനീയറെ മേൽപ്പറഞ്ഞ പ്രകാരം സഹായിക്കുന്നതിനും ചുമതലപ്പെടുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(മറുപുറം)

പരാമർശം (2) പ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള 99 അസിസ്റ്റന്റ് എഞ്ചിനീയർമാർ അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ഒരു വർഷത്തേയ്ക്ക് (ജോലിയിൽ പ്രവേശിച്ച തീയതി മുതൽ) കരാർ ഉടമ്പടി ഒപ്പ് വെച്ചതിന്റെ പകർപ്പ്, ടി ജീവനക്കാരുടെ ബാങ്ക് അക്കൗണ്ട് എന്നിവ അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അടിയന്തിരമായി ഈ കാര്യാലയത്തിന് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ടി അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പ്രതിമാസ ഹാജർ സംബന്ധിച്ച വിവരങ്ങൾ എല്ലാ മാസവും 2-ാം തീയതിയ്ക്ക് തന്നെ ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികളും സ്വീകരിക്കേണ്ടതാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

*//അംഗീകാരത്തോടെ//*

*അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്*

പകർപ്പ്:

1. പഞ്ചായത്ത് ഡയറക്ടറുടെ അറിവിലേയ്ക്ക്
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാപഞ്ചായത്ത് കാര്യാലയം, പത്തനംതിട്ട / ആലപ്പുഴ / ഇടുക്കി തൃശ്ശൂർ / മലപ്പുറം / വയനാട് / പാലക്കാട് / കോഴിക്കോട് / കണ്ണൂർ / കാസറഗോഡ്
3. സ്റ്റോക്ക് ഫയൽ / സെക്ഷൻ

എസ്.എ/*